വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയത് ഭേദഗതി ചെയ്യുന്നതിന് മറ്റ് സാമൂഹ്യപെൻഷൻ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി ഉയർത്തുന്നതിനും തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20-6-2014-ന് സ.ഉ.(എംഎസ്.) നമ്പർ 52/14/ സാനീവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### സാമൂഹ്യക്ഷേമ പെൻഷന്റെ വാർഷിക വരുമാനപരിധി

238 (7537) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമപെൻഷനുകൾ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി എത്ര രൂപയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പരിധിയിൽ എന്ത് മാറ്റം വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയാണ്.

(ബി) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം സംബന്ധിച്ച് 20-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 59/13/സാനീവ പ്രകാരം വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക വരുമാനം എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 20-6-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 52/14/സാനീവ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### നിർഭയ കേന്ദ്രങ്ങളിലെ സുരക്ഷാ പാളിച്ചകൾ

239 (7538) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നിർഭയ കേന്ദ്രങ്ങളുണ്ട് ; ഈ കേന്ദ്രങ്ങളിലെല്ലാംകൂടി എത്ര അന്തേവാസികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly